Malappuram District Police

## 07/03/2018 മലപ്പുറം

സ്ത്രീ സുരക്ഷിതയാണെന്ന സന്ദേശമുയർത്തി ലോക വനിതാ ദിനത്തോടനുബന്ധിച്ച് മലപ്പുറം ജില്ലാ പോലിസ് സംഘടിപ്പിക്കുന്ന വനിതാ വാക് ആന്റ് റണ് പരിപാടിയില് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നന്നു മുന്നൂറോളം വനിതകള് പങ്കെടുക്കും. പൊതുനിരത്തിൽ നിർഭയമായും സ്വതന്ത്രമായും സഞ്ചരിക്കുന്നതിന് സ്ത്രീകൾക്ക് പ്രാപ്തിയും നിർഭയത്വവും നൽകുന്നതിനും സ്തീ സമൂഹത്തിന്റെ ഭാഗമാണെന്ന സന്ദേശം പൊതുസമൂഹത്തിൽ എത്തിക്കുന്നതിനു വേണ്ടി കൂടിയാണു വനിതാദിനത്തോടനുബന്ധിച്ച് വാക്ക് ആന്റ് റെണ് പരിപാടി സംഘടിപ്പിക്കുന്നത്. ഇന്നു രാത്രി 11 മണിക്ക് കോട്ടക്കല് ചങ്കുവട്ടി ജങ്ഷനില് നിന്നും ആരംഭിക്കുന്ന വാക്ക് ആന്റ് റെൺ എസ്പി ദേബേഷ് കുമാര് ബെഹ്റ ഫ്ളാഗ് ഓഫ് ചെയ്യും. വിജിലൻസ് ഉത്തരമേഖല എസ്പി ഉമാ ബെഹറ നയിക്കുന്ന വാക്ക് ആന്റ് റണ്ണില് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള മുന്നൂറോളം വനിതകള് പങ്കെടുക്കും. ചങ്കുവട്ടി ആര്യവൈദ്യശാല ഒപി ബ്ലോക്കിന് സമീപത്ത്നിന്ന് ആരംഭിക്കുന്ന വാക്ക് ആന്റ് റെണ് ആസ്റ്റര് മിംസ് ഹോസ്പിറ്റല് പരിസരത്തെത്തി രാത്രി 12 മണിക്ക് വനിതാസംഗമത്തോടെ പരിപാടി സമാപിക്കും. വനിതാദിനത്തിൽ പോലിസ് സ്റ്റേഷന് ഭരണം പൂർണ്ണമായും വനിതാ പോലീസ് ഉദ്യോഗസ്ഥർക്കു നൽകും